പതിനാലാം കേരളനിയമസഭ

# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5961 — 04/07/2019 മറുപടിയ്ക്ക്

## തസ്തികയില്ലാതെ ജോലി ചെയ്യുന്ന അധ്യാപകർ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് നിലവിൽ എത്ര അദ്ധ്യാപകർ തസ്തികയില്ലാതെ ജോലി ചെയ്യുന്നു; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(എ) 2018-19 വർഷത്തിൽ തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു

| ജില്ല | തസ്തിക നഷ്ടപ്പെട്ട അധ്യാപകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 441 |
| കൊല്ലം | 487 |
| പത്തനംതിട്ട | 177 |
| ആലപ്പുഴ | 267 |
| കോട്ടയം | 107 |
| ഇടുക്കി | 26 |
| എറണാകുളം | 423 |
| തൃശ്ശൂർ | 406 |
| പാലക്കാട് | 462 |
| മലപ്പുറം | 303 |
| കോഴിക്കോട് | 404 |
| വയനാട് | 9 |
| കണ്ണൂർ | 300 |
| കാസറഗോഡ് | 50 |
| ആകെ | 3862 |

(ബി) ഇവർ ഇപ്പോൾ എവിടെ ജോലി ചെയ്യുന്നു; വ്യക്തമാക്കുമോ;

(ബി) 05/08/2016 ലെ സ.ഉ(പി) നമ്പർ134/2016/പൊ.വി.വ യിലെ നിർദ്ദേശ പ്രകാരം താഴെ പറയുന്ന രീതിയിൽ പുനർവിന്യസിച്ചിട്ടുണ്ട്.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥരായി പ്രവർത്തിക്കുന്ന എൽ.പി./യു.പി സ്കൂളുകളിലെ പ്രധാനാധ്യാപകരെ സഹായിക്കുന്നതിന്.

2. എയ്ഡഡ് സ്കൂളുകളിൽ നിന്ന് എസ്.എസ്.എ തുടങ്ങിയ പ്രോജക്ടുകൾ ഉൾപ്പെടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിട്ടുള്ള എയ്ഡഡ് സ്കൂൾ അധ്യാപകരുടെ ഒഴിവുകളിൽ.
3. എസ്.എസ്. യുടെ കീഴിൽ പഞ്ചായത്ത് തല ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി (ഒരേ മാനേജ്മെന്റിന് കീഴിലുള്ള അധ്യാപകർ തമ്മിലുള്ള സീനിയോറിറ്റി പാലിച്ച്).
4. ആർ.ടി.ഇ ആക്ടനുസരിച്ച് എല്ലാ വിദ്യാലയങ്ങളിലും സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനം ലഭ്യമാക്കേണ്ടതിനാൽ പുനർവിന്യസിക്കപ്പെടേണ്ടുന്ന കലാ കായിക പ്രവർത്തി പരിചയം തുന്നൽ തുടങ്ങിയ സ്പെഷ്യലിസ്റ്റ് അധ്യാപകരെ ഒന്നിലധികം സർക്കാർ/ എയ്ഡഡ് സ്കൂളുകൾ ക്ലബ്ബ് ചെയ്തു കൊണ്ട് നിയമിക്കേണ്ടതാണ്. അങ്ങനെ ക്ലബ്ബ് ചെയ്യുമ്പോൾ യു.പി വിഭാഗത്തിൽ നിയമിച്ചവരെ അതിന്റെ തന്നെ എൽ.പി വിഭാഗത്തിലും തിരിച്ചും വിന്യസിക്കാവുന്നതാണ്.
5. ആർ.എം.എസ്.എ സ്കൂളുകളിൽ അധികം വരുന്ന ഒഴിവുകളിൽ
6. ഐ.റ്റി@സ്കൂളുകളിൽ വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തുടരുന്ന അധ്യാപകർക്ക് പകരം.
7. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അക്കാദമിക മോണിറ്ററിംഗ് സമിതികളിലേയ്ക്ക് നിയമിക്കപ്പെടുന്ന എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് പകരം (ക്ലാസ് ചാർജ്ജിൽ നിന്നും ഒഴിവാക്കപ്പെട്ടവർ)
8. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യാപകർ/ അനധ്യാപകരായ ജനപ്രതിനിധികളുടെ ദീർഘകാല അവധി ഒഴിവുകൾ ഉൾപ്പെടെ എയ്ഡഡ് അധ്യാപക/അനധ്യാപകരുടെ 3 മാസത്തിലധികമുള്ള എല്ലാ അവധി ഒഴിവുകളിലും.

9. ഇൻ സർവ്വീസ് കോഴ്സുകൾക്ക് തെരെഞ്ഞെടുക്കപ്പെടുന്ന അധ്യാപകർക്ക് പകരം(മൂന്നു മാസത്തിൽ കൂടുതലുള്ള ഒഴിവിൽ)
10. പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ റഗുലർ നിയമനം നടക്കുന്നതു വരെ.
11. പുതുതായി ആരംഭിച്ച/അപ്ഗ്രേഡ് ചെയ്ത എയ്ഡഡ് സ്കൂളുകളിലെ ഒരു ഒഴിവിൽ
12. അനധ്യാപക സംരക്ഷണ ജീവനക്കാരെ എസ്.എസ്.എ , ആർ.എം.എസ്.എ തുടങ്ങിയ പൊതുവിദ്യാഭ്യാസ വകപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ഒഴിവുകളിൽ

(സി) ഇനി എത്ര അദ്ധ്യാപകരെ പുനർവിന്യസിക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(സി) തസ്തിക നഷ്ടപ്പെട്ട എല്ലാ അധ്യാപകരെയും താൽകകാലികമായിട്ടെങ്കിലും പുനർ വിന്യസിച്ചിട്ടുണ്ട്.

(ഡി) സംരക്ഷിത അദ്ധ്യാപകരെ താൽക്കാലികമായി പുനർവിന്യസിച്ചതു മൂലം എസ്.സി, എസ്.ടി, ഒ.ബി.സി, ഒ.ഇ.സി. വിഭാഗങ്ങൾക്ക് സംവരണം നഷ്ടമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

നഷ്ടമായിട്ടില്ല.

സെക്ഷൻ ഓഫീസർ